# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4574** **21/03/2018- ൽ മറുപടിയ്ക്ക്**

## ആശ്വാസ പദ്ധതികൾ

| ചോദ്യം<br>ശ്രീ. ബി.ഡി. ദേവസ്സി | ഉത്തരം<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>( ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) സാമൂഹ്യനീതി വകുപ്പിലെ നിരവധി ആശ്വാസ പദ്ധതികൾ അർഹരായ മുഴുവൻ പേർക്കും യഥാസമയം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) സാമൂഹ്യനീതി മുഖേന നടപ്പിലാക്കി വരുന്ന ധനസഹായ പദ്ധതികൾ യഥാസമയം അർഹരായവർക്ക ലഭിക്കുന്നു എന്ന് ഉറപ്പാക്കുന്നതിന്റെ ഭാഗമായി മാധ്യമങ്ങളിലൂടെയും മറ്റുമുള്ള വ്യാപക പ്രചരണ പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും നടത്തുന്നുണ്ട്. അതോടൊപ്പം എല്ലാ പദ്ധതികളിലൂടെയുള്ള ധനസഹായവും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് മുഖേനയാണ് നൽകി വരുന്നത്.<br>വനിതാ ശിശു വികസന വകുപ്പ് വഴിയുള്ള ആശ്വാസ പദ്ധതികൾ അർഹരായ മുഴുവൻ പേർക്കും യഥാസമയം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.<br>കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന ആശ്വാസ പദ്ധതികൾ അർഹരായ മുഴുവൻ പേർക്കും യഥാസമയം ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സമയബന്ധിതമായി അർഹരായ എല്ലാ പേർക്കും സഹായം ലഭിക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. മുഴുവൻ പദ്ധതികളും ഓൺലൈൻ ആയി പ്രോസസ് ചെയ്യുന്നതിനു വേണ്ടിയും, ആധാർ കാർഡുമായി ലിങ്ക് ചെയ്തുകൊണ്ട് ബാങ്കിലേക്ക് DBT ആയി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>2. പദ്ധതി നടത്തിപ്പിലേക്കായി ബഡ്ജറ്റ് വിഹിതത്തിനുപരിയായി ഫണ്ട് ആവശ്യമായി |

വരുന്നു. അധികമായി ആവശ്യം വരുന്ന തുക വി-കെയർ പദ്ധതിയുടെ ഭാഗമായി സമാഹരിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു

| | | |
|---|---|---|
| (ബി) | ഐ.സി.ഡി. എസ് മുഖേന കേരള സുരക്ഷാ മിഷന് സമർപ്പിക്കുന്ന അപേക്ഷകളിൽ കൃത്യമായ മോണിറ്ററിംഗ് നടത്തി പോരായ്മകൾ ഐ.സി.ഡി. എസുകൾ മുഖേന കക്ഷികളെ അറിയിച്ച് പരിഹരിക്കുന്നതിനും, അർഹരായ മുഴുവൻ പേർക്കും സഹായം ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | (ബി) കേരളാ സുരക്ഷാ മിഷനിലേക്ക് വനിതാ ശിശുവികസന വകുപ്പിനു കീഴിലുള്ള ഐ.സി.ഡി.എസ് മുഖേന സമർപ്പിക്കുന്ന അപേക്ഷയിന്മേൽ വ്യക്തിഗത ആനുകൂല്യങ്ങൾ ലഭ്യമാകുന്ന വേളയിൽ തന്നെ അപാകതകളുണ്ടെങ്കിൽ അങ്കണവാടി വർക്കർമാർ മുഖേന അപേക്ഷകരെകൊണ്ട് തന്നെ അപാകതതകൾ ഒഴിവാക്കി സമർപ്പിക്കുവാൻ ഐ.സി.ഡി.എസ് തലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്.<br><br>ഐ.സി.ഡി.എസ്. മുഖേന കേരള സാമൂഹ്യ സുരക്ഷാ മിഷന് ലഭിക്കുന്ന അപേക്ഷകളിൽ കൃത്യമായ മോണിറ്ററിംഗ് നടത്തി പോരായ്മകൾ ഐ.സി.ഡി.എസ് മുഖേന കക്ഷികളെ അറിയിച്ച് പരിഹരിക്കുന്നതിനും, അർഹരായ മുഴുവൻ പേർക്കും ധനസഹായം ലഭിക്കുന്നതിനും ഓൺലൈൻ സംവിധാനം നടപ്പിലാകുന്നതോടെ സാധ്യമാകുന്നതാണ് അപേക്ഷകൾ പൂർണ്ണമായും ഓൺലൈൻ മുഖേന സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കാൻസർ അടക്കമുള്ള മാരക രോഗങ്ങൾ ബാധിച്ച പാവപ്പെട്ടവർക്കുള്ള സമാശ്വാസ സഹായം കാലതാമസം കൂടാതെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ക്യാൻസർ രോഗികൾക്ക് സൗജന്യ ചികിത്സ നൽകുന്ന ക്യാൻസർ കെയർ പദ്ധതി കാലതാമസം കൂടാതെ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ